(Pages : 6) **P – 7508**

Reg. No. : .............................

Name : .................................

# First Semester B.A./B.Sc. Degree Examination, March 2023

## First Degree Programme under CBCSS

## Language Course II – Additional Language I – Malayalam

## ML 1111.1 : മലയാളകവിത

## (2021 Admission Onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.

1. മലയാളത്തിലെ ഏറ്റവും പ്രാചീനമായ പാട്ടുകൃതി ഏത്?

2. "എന്നുടെ ഭർത്താവു തുണയിനിക്ക്" ആരുടെ വാക്കുകൾ?

3. "ചീർക്കുന്ന മോദത്തെ പൂണ്ടു കണ്ണൻ" - എപ്പോൾ?

4. 'മൗസലപർവ്വം' കഥ പറയുന്നതാര്? ആരോട്?

5. 'മലയാളത്തിലെ മഹോപനിഷത്ത്' എന്നറിയപ്പെടുന്ന കൃതിയേത്?

6. ചമ്പു എന്നാൽ എന്ത്?

7. 'കരുണ'യുടെ വൃത്തം ഏത്?

8. "ചന്ദനത്തയ്യാണെങ്കിലുരഞ്ഞാൽ മണം പൊങ്ങും" ആരെക്കുറിച്ചാണ് ഈ പരാമർശം?

P.T.O.

gswcentrallibrary.in

9. 'കുരുക്ഷേത്രം' എന്ന കാവ്യം രചിച്ചതാര്?

10. "രണ്ടു വറ്റിനായി, ദുർല്ലഭമാം കലാ-

സ്വർണ്ണനിക്ഷേപങ്ങൾ തൂക്കി വിറ്റു" - ഇതിലെ സൂചനയെന്ത്?

**(10 × 1 = 10 Marks)**

II. ഏതെങ്കിലും എട്ടു ചോദ്യത്തിന് **50** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11. "ആ മോഹം നീയൊട്ടു കരുതവേണ്ട"

- ആരുടെ വാക്കുകൾ? മോഹം എന്ത്?

12. "മായയാൽ മൂടിന മാനസംതന്നിലെ

ജ്ഞാനം മറഞ്ഞങ്ങു പോകുമ്പോലെ"

- സന്ദർഭവും അലങ്കാരവും എഴുതുക.

13. "കോഴിയിറച്ചീം പശുവിൻപാലും

വൈദ്യൻപോലും വിലക്കിയില്ല,ല്ലോ."

- സന്ദർഭവും ഹാസ്യവും വെളിപ്പെടുത്തുക.

14. "പുതുമേ, വീണ്ടും വീണ്ടും പുല്കുക ലോകത്തെ നീ"

- ആരുടെ വരികൾ? കവിയുടെ ദർശനമെന്ത്?

15. "വാടാതെയുണ്ടെന്നുള്ളിൽ പണ്ടു കാലത്തിൻ നീണ്ട

ചൂടാണ്ട മാസങ്ങളിൽ പൂവിട്ടൊരുല്ലാസങ്ങൾ"

- കവി മനസ്സിൽ നിറയുന്ന പഴയ ഉല്ലാസങ്ങളേതെല്ലാം?

gcwcentrallibrary.in

16. "ഒരു തെറ്റും തുച്ഛമായി ത്തോന്നില്ലല്ലോ

പെരിയോർക്കും ബാലർക്കും മദ്യപർക്കും" - സന്ദർഭവും സാമൂഹികയാഥാർത്ഥ്യവും വ്യക്തമാക്കുക.

17. "ആശയായുള്ള പാശമതിങ്കേന്നു

വേർവ്വിടാതെ കരേറുന്നു മേല്ക്കുമേൽ" - ഈ ഉപനിഷത്ത് ദർശനം വ്യക്തമാക്കുക.

18. ശ്മശാനത്തിൽ കാണപ്പെട്ട അരയാലിനെ കവി വർണ്ണിച്ചിരിക്കുന്നതെങ്ങനെ?

19. "ഒറ്റയ്ക്കു ഞാൻ നടക്കുന്നിടത്തൊക്കെയും

മറ്റൊരാളെന്തോ ചെവിയിൽ മൊഴിയുന്നു" - സന്ദർഭവും ആശയവും എഴുതുക.

20. "തിരിഞ്ഞു നോക്കീടാൻ പാടി

ല്ലോടിപ്പോവുക - പോവുക"

- ആരോടാണ് ഈ വാക്കുകൾ പറയുന്നത്? സന്ദർഭമേത്?

21. "വഴിയോരത്തിൽക്കണ്ട

ചൂരൽ ചെന്നെടുത്തപ്പോൾ

മഴിവില്ലെങ്ങന്നോർത്തീ-

ലാഹ്ലാദമത്തൻ, മർത്ത്യൻ"

- ചൂരലും മഴവില്ലും പ്രതിനിധീകരിക്കുന്ന യാഥാർത്ഥ്യങ്ങൾ വ്യക്തമാക്കുക.

22. "എൻകരം തോറ്റാലെന്താണെന്മകൻ ജയിക്കുമ്പോൾ

എൻ കണ്ണിലുണ്ണിക്കേലും പുകളെൻ പുകളല്ലേ?"

- സന്ദർഭവും കഥാപാത്രത്തിന്റെ മനോഗതിയും വെളിപ്പെടുത്തുക.

**(8 × 2 = 16 Marks)**



gcwcentrallibrary.in

III. ഏതെങ്കിലും ആറു ചോദ്യത്തിന് നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23. "ഇന്നലെയൊരു ചൊപ്പനം കണ്ടേ....." എന്നു തുടങ്ങുന്ന നാടൻ പാട്ടിൽ തെളിയുന്ന ദളിത് സ്വത്വം വെളിപ്പെടുത്തുക.

24. "നീറി നിൻ മഹാഗർവ്വം
കരിഞ്ഞു തണുക്കുമ്പോൾ
വിരലാലെടുത്തവൾ
കണ്ണുകൾ കറുപ്പിക്കും" - സന്ദർഭവും ആശയവും വ്യക്തമാക്കുക.

25. "ഏതു ധൂസരസങ്കല്പങ്ങളിൽ വളർന്നാലും

ഏതു യന്ത്രവൽകൃതലോകത്തിൽ പുലർന്നാലും

മനസ്സിലുണ്ടാവട്ടേ ഗ്രാമത്തിൻ വെളിച്ചവും

മണവു മമതയും - ഇത്തിരി കൊന്നപ്പൂവും!"

- ഇവിടെത്തെളിയുന്ന കവിയുടെ മനുഷ്യസങ്കല്പവും പ്രകൃതിബോധവും വിശദമാക്കുക.

26. "അടിമയെന്നോരുമ്പോൾപ്പിഞ്ചുഹൃത്തും

കഠിനമായ്ത്തീരുന്നതെന്തു കൊണ്ടോ?"

- സന്ദർഭവും ആശയവും വിശദീകരിക്കുക.

27. "വിദ്യകൊണ്ടറിയേണ്ടതറിയാതെ

വിദ്വാനെന്നു നടിക്കുന്നിതു ചിലർ

കുങ്കുമത്തിന്റെ ഗന്ധമറിയാതെ

കുങ്കുമം ചുമക്കുംപോലെ ഗർദ്ദഭം"

- സന്ദർഭമെഴുതി അലങ്കാരത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

gcwcentrallibrary.in

28. അസ്തമയപർവ്വത്തിൽ ഭാസ്കരഭഗവാൻ മറഞ്ഞപ്പോഴുള്ള കാഴ്ചകൾ വർണ്ണിക്കുക.

29. 'സൗന്ദര്യലഹരി' എന്ന കവിതയിൽ തെളിയുന്ന ചങ്ങമ്പുഴയുടെ ജീവിതദർശനം വിവരിക്കുക.

30. "പകലും രാത്രിയുമോരോ

പരുന്തുകൾ പോലെ വന്നെൻ

കവിളിന്മേൽ നഖം പോറി-

പ്പറന്നുപോകെ"

- സന്ദർഭം വെളിപ്പെടുത്തി സൂചിതത്തിന്റെ ഭംഗിയും ഔചിത്യവും വ്യക്തമാക്കുക.

gcwcentrallibrary.in

31. "നല്ലതുവല്ലോം മോഷ്ടിച്ചാലുടനേ

അവനേ - വെറുതേ

കള്ളനാക്കും നിങ്ങടെ ചട്ടം"

- ആക്ഷേപഹാസ്യത്തിന്റെ ശക്തിയും ഔചിത്യവും ഈ വരികളെ മുൻനിർത്തി വിലയിരുത്തുക.

**(6 × 4 = 24 Marks)**

IV. മുന്നൂറു വാക്കിൽ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. കലികാലവർണ്ണനയിൽ തെളിയുന്ന എഴുത്തച്ഛന്റെ വർണ്ണനാപാടവം വിവരിക്കുക.

33. പെണ്ണ് അനുഭവിക്കുന്ന ദുരിതലോകങ്ങളെ പെൺകുഞ്ഞ് 90, കുളക്കടവിൽ, ഓർമ്മകൾ മറയുന്നത് എന്നീ കവിതകളെ മുൻനിർത്തി വിശദീകരിക്കുക.

34. പെരുന്തച്ചന്റെ മനോവിചാരങ്ങളെ മനഃശാസ്ത്രരീത്യാ അപഗ്രഥിക്കുക.

35. കവിജീവിതം തെരഞ്ഞെടുക്കുന്നതിന്റെ ദുഃഖങ്ങൾ കാടിന്റെ മടിയിൽ, വിരാമം, എഴുത്ത് എന്നീ കവിതകളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**

gcwcentrallibrary.in

(Pages : 4) **P – 7850**

Reg. No. : .............................

Name : ..................................

**First Semester B.A./B.Sc./B.Com. Degree Examination, March 2023**

**Career Related First Degree Programme under CBCSS**

**Language Course II – Additional Language – Malayalam**

**ML 1111.3 : ഗദ്യസാഹിത്യം**

**(2021 Admission Onwards)**

Time : 3 Hours Max. Marks : 80

gcwcentrallibrary.in

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. ലളിതാംബിക അന്തർജ്ജനത്തിന്റെ ആദ്യ ചെറുകഥയേത്?

2. 'അയാൾ കഴിഞ്ഞ അറുപതു കൊല്ലത്തെ തുറിച്ചുനോക്കി' - ആര്?

3. 'ഇപ്പോൾ ഈ വലിയ പുരയിൽ ഈ മുറിയിൽ ഞാൻ മാത്രം' ഈ വാക്യം ഏതു കഥയിലുള്ളതാണ്?

4. ഊർമ്മിള ഏതു കഥയിലെ കഥാപാത്രമാണ്?

5. ഉമാബാലൻ ജീവിതം കൊണ്ട് പഠിച്ചെടുത്തതെന്താണ്?

6. "മനുഷ്യരുടെ പേരുകൾക്ക് ഒരു അസ്വാധീനതയുള്ളത് അവനവന്റെ പേരിനവനവൻ ഉത്തരവാദിയല്ലെന്നുള്ളതാണല്ലോ!" ഇക്കാര്യം പറഞ്ഞുവെയ്ക്കുന്നതാര്?

7. മനസ്സാക്ഷിയെ കുറിച്ച് ചർച്ച ചെയ്യുന്ന ലേഖനമേത്?

8. 'പ്രാലേയ വിഹാര ശൈലം' എന്നു പഴയ ചില സംസ്കൃത കാവ്യങ്ങളിൽ വിശേഷിപ്പിക്കപ്പെട്ടു പോന്ന സ്ഥലമേത്?

P.T.O.

9. ആട്ടക്കഥയിലെ അത്ഭുതപ്രഭാവൻ എന്നറിയപ്പെടുന്നതാര്?

10. 'പെണ്ണുങ്ങൾക്കൊരു ബഹുമാനത്തിനു

പൊണ്ണൻ പലവക ജല്പിക്കുന്നു'

- ഏതിലെ വരികളാണിവ?

**(10 × 1 = 10 Marks)**

II. അമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. നീ വിധിയിൽ വിശ്വസിക്കുന്നുണ്ടോ കുട്ടീ' - ഇങ്ങനെ ചോദിച്ചതാര്? എന്തുകൊണ്ട്?

12. 'അന്ന് സത്യം മൂടിവെച്ചതിലുള്ള കുറ്റബോധം ഇപ്പോഴുമുണ്ട്' സത്യം എന്ത്? സംഭവം വിവരിക്കുക.

13. 'ആ കൊച്ചമ്മയ്ക്ക് ഇതിൽപ്പരം ഒരപമാനം ഉണ്ടാവാനില്ല' അപമാനമെന്ത്? സന്ദർഭമെഴുതുക.

14. 'ഞങ്ങൾക്കിടയിൽ മൗനം വർത്തമാനം പറഞ്ഞു' - ഏതു കഥാസന്ദർഭമാണിത്?

15. 'നിങ്ങളുടെ വിയർപ്പുനാറ്റം ജാതിയിൽ ഉയർന്നവന്റെ വിയർപ്പുനാറ്റംപോലെ ലളിതമല്ല' ഇങ്ങനെ പറയുന്നത് ആര് ആരെക്കുറിച്ചാണ്? സന്ദർഭം വിശദീകരിക്കുക.

16. ഗൃഹനാമങ്ങളെക്കുറിച്ച് ഇ.വി. കൃഷ്ണപിള്ള പറയുന്നതെന്തെല്ലാം?

17. 'കപ്പിത്താന്റെ കാന്തസൂചി പോലെയാണ് മനുഷ്യന്റെ മനസ്സാക്ഷി' ഈ പ്രസ്താവന പരിശോധിക്കുക.

18. പള്ളിക്കുന്നിലെ സ്ക്കൂളുകളെക്കുറിച്ച് ടി. പത്മനാഭൻ ഓർത്തെടുക്കുന്നതെന്ത്?

19. ഭാഷാമാധ്യമം മാറണമെന്നു പറയുന്നതിലെ രാഷ്ട്രീയമായ അടിത്തറയെന്താണ്? വിശദീകരിക്കുക.

gcwcentrallibrary.in

20. 'വസ്ത്രം പത്രികൾ കൊണ്ടുപോയ് ദിവി മറ-

ഞ്ഞപ്പോളവസ്ഥാം നിജാ-

മുൾത്താരിങ്കൽ വിചാര്യ ദിഗ്വസനനായ്

നിന്നൂ നളൻ ദീനനായ്'

- സന്ദർഭം വിവരിക്കുക.

21. തെറ്റു തിരുത്തുക

(a) അഥിതി

(b) ഷഷ്ഠി

(c) കവിയിത്രി

(d) ആദരാജ്ഞലി

22. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.

(a) മഹാകവിയുടെ അമ്മ ബാല്യത്തിലേ മരിച്ചുപോയി

(b) ബാങ്ക് പലിശ നിരക്ക് നൂറിനു പന്ത്രണ്ടു ശതമാനമായി വർദ്ധിപ്പിച്ചു.

**(8 × 2 = 16 Marks)**

gswcentrallibrary.in

III. നൂറു വാക്കിൽ കവിയാതെ ആറ് ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'ആരും ആരെയും എന്നും ഓർമ്മിക്കുന്നില്ലേടത്തീ? ജീവിതം അങ്ങനെയാണ്' സന്ദർഭമെഴുതി ആശയം വ്യക്തമാക്കുക.

24. മലയാളശാകുന്തളം അഞ്ചാമത്തെ ആസ്പദമാക്കി ഒരാസ്വാദനം തയ്യാറാക്കുക.

25. ബംഗ്ലാദേശിലെ യുദ്ധകാലത്ത് വെടിയൊച്ചകൾക്കിടയിൽ അഭയാർത്ഥി ക്യാമ്പിലേക്ക് സന്നദ്ധപ്രവർത്തകയായി പോയ ദയാഭായിയുടെ അനുഭവലോകം വിവരിക്കുക.

26. 'കുരുപതിതനയനുമനുജന്മാരും

പെരുകിന പടകളുമിളകീ മെല്ലേ

പെരുവഴി തിങ്ങി നടന്നീടുന്നു'

- ഘോഷയാത്രയിലെ ഈ സഞ്ചാരം കുഞ്ചൻ നമ്പ്യാർ വർണ്ണിച്ചിരിക്കുന്നത് എപ്രകാരം?

27. 'സ്ത്രീക്കുവേണ്ടി സാമ്രാജ്യമുപേക്ഷിച്ചാൽ അത് സ്ത്രീജിതത്വവും ഭോഗതൃഷ്ണയും മാത്രമേ ആവുകയുള്ളൂ. ഉദാത്തമായ ത്യാഗമോ സ്നേഹവിജയമോ ആവുകയില്ല' ഡോ. എം. ലീലാവതി ഇങ്ങനെ നിരീക്ഷിക്കാനുള്ള കാരണമെന്ത്?

28. കേശവശ്ശാരുടെ സ്വഭാവസവിശേഷതകൾ വിവരിക്കുക.

29. ഊർമ്മിള ഗർഭിണിയാണെന്ന വാർത്ത സീതയിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം?

30. പള്ളിക്കുന്നിലെ പ്രധാന ഉത്സവങ്ങൾ വിവരിക്കുക.

31. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക :

Chambankunju manages to prosper as a fisherman thanks to his daughter Karuthamma and to the man she loves, the Muslim trader Pareekutty. According to local customs, she cannot marry the trader, so she becomes the wife of a stranger, Palani. Although Palani believes her word that she had never slept with the trader, the village does not believe it and Palani is mocked at. One day Karuthamma meets her former beau again and they make love, even as Palani out in the sea, battling a shark, dies in a whirlpool. The tragedy is attributed to Kadalamma, the sea goddess, exacting vengeance for violation of prevailing chastity codes.

**(6 × 4 = 24 Marks)**

IV. മുന്നൂറു വാക്കിൽ കവിയാതെ രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക.

gswcentrallibrary.in

32. 'അഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത ഒരു സ്ത്രീജീവിതത്തിന്റെ കഥയാണ് അഗ്നിസാക്ഷിയെന്ന നോവൽ' - സമഗ്രമായി പരിശോധിക്കുക.

33. 'ജൈവികമായ പച്ചപ്പിനായി പൊരുതുന്ന ധീരവനിതയാണ് ദയാഭായി' പച്ചവിരൽ എന്ന ആത്മകഥയെ മുൻനിർത്തി വിശകലനം ചെയ്യുക.

34. 'ഉയർന്ന ജാതിയുടെ ജനിതകമാണ് ഈ ആധുനിക ലോകത്തും നിർണ്ണായകമാകുന്നത്' വില്ലുവണ്ടി എന്ന കഥയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

35. മലയാളം സംസാരിക്കുന്നത് കുറ്റകരമായി കാണുന്ന മനോഭാവം മലയാളിയിൽ വർദ്ധിച്ചുവരുന്നതായി ഈ കാലത്ത് 'മങ്ങുന്ന ഭാഷ മറയുന്ന നാട്' എന്ന ലേഖനത്തിൽ എം.എൻ. വിജയൻ നിരത്തുന്ന ആശയങ്ങൾ വിലയിരുത്തുക.

**(2 × 15 = 30 Marks)**

(Pages : 4) **P – 7593**

Reg. No. : ..............................

Name : ..................................

# First Semester B.A. Degree Examination, March 2023

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Complementary Course I

## ML 1131.1 : കേരളപഠനം - ഭാഗം I

## (2021 Admission Onwards)

govcentrallibrary.in

Time : 3 Hours Max. Marks : 80

I. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.

1. കൊല്ലവർഷം രേഖപ്പെടുത്തിയ ആദ്യത്തെ ശാസനമേത്?

2. കേരളത്തെ കുടകുമായി ബന്ധിപ്പിക്കുന്ന ചുരം ഏത്?

3. വാനവരമ്പൻ എന്ന വിശേഷണത്തിന് അർഹനായ ചേര രാജാവ് ആര്?

4. യുദ്ധ ഭരണ കാര്യങ്ങൾ പ്രതിപാദിക്കുന്ന സംഘകാല കൃതി.

5. നെയ്തൽ വാസികളുടെ പ്രധാന ഉപജീവനമാർഗ്ഗം എന്തായിരുന്നു?

6. ക്ഷേത്രങ്ങളുടെ ഭരണം സംബന്ധിച്ച പരമാധികാരം ആർക്കായിരുന്നു?

7. 'താഴികൾ' എന്നുകൂടി അറിയപ്പെട്ടിരുന്ന മഹാശിലാസ്മാരകം ഏത്?

P.T.O.

8. കേരളത്തിലെ മരുമക്കത്തായ സമ്പ്രദായത്തെക്കുറിച്ച് പരാമർശിച്ച ആദ്യ സഞ്ചാരി ആര്?

9. ആദ്യത്തെ മുസ്ലീംപള്ളി സ്ഥാപിതമായത് എവിടെ?

10. പ്രച്ഛന്നബുദ്ധൻ എന്നറിയപ്പെടുന്നത് ആര്?

**(10 × 1 = 10 Marks)**

II. ഏതെങ്കിലും എട്ട് ചോദ്യങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക.

11. ഐതരേയ ആരണ്യകം - കുറിപ്പെഴുതുക.

12. ഹോർത്തൂസ് മലബാറിക്കസിന്റെ പ്രാധാന്യമെന്ത്?

13. കേരളത്തെ മറ്റും സംസ്ഥാനങ്ങളിൽ നിന്നും വ്യതിരിക്തമാക്കുന്ന ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്തെല്ലാം?

14. കുടക്കല്ലുകൾ - കുറിപ്പെഴുതുക.

15. പ്രാചീന കേരളത്തിൽ നിന്ന് വിദേശ വിപണിയിൽ എത്തിയ സുഗന്ധദ്രവ്യങ്ങൾ ഏതെല്ലാം? അവ എന്തിനെല്ലാമാണ് ഉപയോഗിച്ചിരുന്നത്?

16. ഏഴിമല രാജവംശം - കുറിപ്പ് എഴുതുക.

17. അകം കവിതകൾ എന്നറിയപ്പെട്ടിരുന്നത് എന്താണ്?

18. ഇസ്ലാംമതം കേരളത്തിൽ പ്രചരിച്ചതിനു പിന്നിൽ നിലനിൽക്കുന്ന ഐതിഹ്യം എന്ത്?

19. ശങ്കരാചാര്യർ സ്ഥാപിച്ച നാലുമഠങ്ങൾ എവിടെയെല്ലാം?

gcwcentrallibrary.in

20. പ്രാചീന കേരളത്തിലെ ക്ഷേത്രങ്ങളുടെ ഭരണ നിർവ്വഹണഘടന എപ്രകാരമായിരുന്നു?

21. ശുചീന്ദ്രം കൈമുക്ക് എന്നാൽ എന്ത്?

22. ജന്മി സമ്പ്രദായം - കുറിപ്പെഴുതുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

23. കേരളത്തിൽ ഉണ്ടായിരുന്ന ആദിമ നിവാസികളെ പരിചയപ്പെടുത്തുക.

24. ആദ്യകാല വിദേശ ബന്ധങ്ങൾ കൊണ്ടുണ്ടായ നേട്ടങ്ങൾ വിലയിരുത്തുക.

25. പതിറ്റുപ്പത്തിൽ പരാമർശിക്കുന്ന പത്ത് രാജാക്കന്മാരെ പരിചയപ്പെടുത്തുക.

26. കേരളത്തിൽ നിലവിലിരുന്ന മരുമക്കത്തായ സമ്പ്രദായം വിമർശനദൃഷ്ട്യാ പരിശോധിക്കുക.

27. കേരളത്തിൽ ബ്രാഹ്മണാധിനിവേശത്തിന്റെ ദൂഷ്യഫലങ്ങൾ എന്തെല്ലാമായിരുന്നു?

28. കേരളത്തിലെ ബുദ്ധമതസ്വാധീനം വിലയിരുത്തുക.

29. സംഘകാലത്തെ കാർഷിക സംസ്കൃതി വിശദീകരിക്കുക.

30. കേരള സംസ്കാരപഠനത്തിന് ഉപാദാനമായ ശാസനങ്ങളെക്കുറിച്ച് വിശദീകരിക്കുക.

31. കേരളത്തിൽ എത്തിയിരുന്ന വിദേശ സഞ്ചാരികളെ പരിചയപ്പെടുത്തുക.

**(6 × 4 = 24 Marks)**

IV. **300** വാക്കിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉപന്യാസം എഴുതുക.

32. പത്ത്, പതിനൊന്ന് നൂറ്റാണ്ടുകളിലെ കേരളത്തിന്റെ സാംസ്കാരികാവസ്ഥയെ വിമർശന ബുദ്ധിയോടെ വിലയിരുത്തുക.

ugcwentrallibrary.in

33. ഐന്തിണകളിൽ വ്യത്യസ്തത പുലർത്തിയിരുന്ന സാമൂഹികജീവിതം, ആധുനികതയുടെ വരവോടുകൂടി ഏകീകൃത സ്വഭാവം കൈവന്നു. എന്നിട്ടും എല്ലാ പ്രദേശങ്ങളിലെയും ജനജീവിതം മുഖ്യധാരയിൽ എത്തുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം ക്രോഡീകരിക്കുക.

34. കേരളത്തിൽ നിലനിൽക്കുന്ന ക്ഷേത്രകലകളെയും അനുഷ്ഠാനകലകളെയും പരിചയപ്പെടുത്തി അവയുടെ അതിജീവനത്തിന്റെ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

35. പ്രാചീന കേരളത്തിലെ മതങ്ങളും സംസ്കാരവും മതസഹിഷ്ണുതയുടെ പ്രതീകങ്ങളായിരുന്നു നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

**(2 × 15 = 30 Marks)**

---

gcwcentrallibrary.in